# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1168 — 13.06.13 ൽ - മറുപടിക്ക്

### പൊതുവിതരണസമ്പ്രദായത്തിന്റെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ;<br>,, കെ. സുരേഷ് കുറുപ്പ്;<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ;<br>,, ജെയിംസ് മാത്യു: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഏത് റേഷൻ കടകളിൽ നിന്നും കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് കഴിയുംവിധം പൊതുവിതരണ സമ്പ്രദായം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് കാർഡുടമകൾക്ക് ആധാർ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; | (ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| (സി) സംസ്ഥാനത്ത് ആധാർ രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള കാർഡുടമകളുടെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; | (സി) ഇല്ല. |
| (ഡി) സംസ്ഥാനത്തെ കാർഡുടമകളിൽ പകുതിയിലധികം പേരും ആധാർ രജിസ്ട്രേഷൻ ഇല്ലാത്തവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ കാര്യത്തിൽ പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ